بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**24-07-2026**

# ജൽസാ സാലാന യു.കെ യുടെ പശ്ചാത്തലത്തിൽ സന്നദ്ധ സേവകർക്കും അതിഥികൾക്കും ഉദ്ബോധനം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّا اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۙ۬ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറത്തുൽ ഫാത്തിഹയും പാരായണം ചെയ്തതിനു ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) ഇപ്രകാരം അരുളി:

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ജൽസ സാലാന യു.കെ ആരംഭിക്കുകയാണ്. രാജ്യത്തിന്റെ നാനാകോണുകളിൽ നിന്നും ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നും അതിഥികൾ ഇതിൽ പങ്കെടുക്കുന്നതിനായി വന്നുകൊണ്ടിരിക്കുന്നു അല്ലെങ്കിൽ എത്തിച്ചേർന്നിട്ടുണ്ട്. ഇവരെല്ലാവരും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളാണ്; ആത്മീയവും മതപരവുമായ ഒരു പ്രത്യേക ലക്ഷ്യത്തിനായാണ് ഇവർ ഇവിടെ എത്തിച്ചേരുന്നത്. അതിനാൽ, ഈ അതിഥികൾക്ക് ആതിഥ്യം അരുളുന്നത് ആദരണീയ പ്രവൃത്തിയാണ്..

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തിലെ ഏതെല്ലാം രാജ്യങ്ങളിൽ ജൽസ സാലാനകൾ നടക്കുന്നുവോ, അവിടെയുള്ള കുട്ടികളും യുവാക്കളും പുരുഷന്മാരും സ്ത്രീകളും ജൽസയിലെ അതിഥികളെ സേവിക്കണം എന്ന കാര്യത്തിൽ പൂർണ്ണ ബോധവാന്മാരാണ്. ഇതിനായി എല്ലാവരും സ്വയം സന്നദ്ധപ്രവർത്തകരായി രംഗത്തു വരുന്നു. ലോകരുടെ മുൻഗണനകൾ ഇന്ന് മാറി മറിഞ്ഞിട്ടുണ്ടെങ്കിലും, ജമാഅത്തിലെ ആത്മാർത്ഥരായ അംഗങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അതിഥികളെ സേവിക്കുന്നതിനായി സ്വമനസ്സാലെ മുന്നോട്ടുവരികയാണ്. അതിഥികളെ സേവിക്കാനും അവരോട് ബഹുമാനാദരവോടെ പെരുമാറാനും അല്ലാഹു കൽപ്പിച്ചിട്ടുണ്ടെന്ന വസ്തുതയെക്കുറിച്ച് തികഞ്ഞ ബോധ്യമുള്ള ആളുകളാണ് ഇവർ. റസൂൽ കരീം(സ) തന്റെ പ്രവൃത്തിയിലൂടെയും വാക്കുകളിലൂടെയും ഈ കാര്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദും(അ) ഈ വിഷയത്തിലേക്ക് നിരന്തരം ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്.

നബിതിരുമേനി(സ) അരുളി: അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഏതൊരാളും അതിഥിയുടെ അർഹമായ അവകാശം നിറവേറ്റേണ്ടതുണ്ട് അല്ലെങ്കിൽ നിറവേറ്റട്ടെ. ഒരാൾ ചോദിച്ചു: അർഹമായ അവകാശം എന്നാൽ എന്താണ്? അവിടുന്ന് അരുളി: ഒരു രാവും പകലുമുള്ള അതിഥി സൽക്കാരമാണത്. മൂന്ന് ദിവസം വരെ അവനെ സൽക്കരിക്കുക എന്നും മറ്റൊരു നിവേദനത്തിൽ കാണാം. പ്രത്യേക അതിഥികളുടെ കാര്യമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഏതാനും ദിവസത്തേക്ക് വീട്ടിലേക്ക് വരുന്ന അതിഥികളെ പൊതുവെ സൽക്കരിക്കേണ്ടതാണ്. ഇത് മുസ്‌ലിംകൾക്കുള്ള പൊതുവായ കൽപ്പനയാണ്.

എന്നാൽ ഇന്ന് ജൽസയുടെ ദിവസങ്ങളിൽ എത്തുന്ന അതിഥികൾ വിദൂരദേശങ്ങളിൽ നിന്ന് യാത്ര ചെയ്താണ് വരുന്നത്. മറ്റു രാജ്യങ്ങളിൽ നിന്നു വരുന്നവരാണ്. ഇവർ മൂന്ന് ദിവസത്തിൽ കൂടുതൽ ഇവിടെ തങ്ങുന്നു. ജമാഅത്തിന്റെ സംവിധാനങ്ങൾക്ക് കീഴിൽ ഇവർ എത്ര ദിവസം തങ്ങിയാലും മൂന്ന് മുതൽ നാല് ആഴ്ച വരെയോ രണ്ട് മുതൽ മൂന്ന് ആഴ്ച വരെയോ ജമാഅത്ത് ഇവർക്ക് ആതിഥ്യം അരുളുന്നു. ഇതിനായി ഇത്രയധികം സന്നദ്ധപ്രവർത്തകരെ

ജമാഅത്തിന് ലഭ്യമാക്കിയിരിക്കുന്നു എന്നത് അല്ലാഹുവിന്റെ മഹത്തായ ഔദാര്യമാണ്. ഇവർ പ്രതിഫലം പറ്റി ജോലി ചെയ്യുന്ന തൊഴിലാളികളല്ല. മൂന്ന് മുതൽ നാല് ആഴ്ച വരെ സന്നദ്ധപ്രവർത്തകർ ഈ ലക്ഷ്യത്തിനായി സ്വയം സമർപ്പിക്കുകയാണ് ചെയ്യുന്നത്.

എന്തിനേറെ, യുകെയിൽ അതിഥി സൽക്കാരത്തിന് വിശാലമായ സംവിധാനമുണ്ട്. വർഷം മുഴുവനും ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ലങ്കർ തടസ്സമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എന്തെന്നാൽ ഇവിടെ ഖിലാഫത്തിന്റെ സാനിധ്യമുണ്ട്; കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യം കാരണം ആളുകളുടെ വരവും പോക്കും വളരെ കൂടുതലാണ്. അതുകൊണ്ടുതന്നെ അതിഥി സൽക്കാരവും നിരന്തരം ചെയ്യേണ്ടിവരുന്നു. അല്ലാഹു ഇവർക്കെല്ലാം അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ! അതിഥികൾ കാര്യങ്ങളെ വളരെ വൈകാരികമായി കാണുന്നവരാകയാൽ അവരുടെ കാര്യം എപ്പോഴും പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളിയിട്ടുണ്ട്. അതിനാൽ, ഈ അതിഥികളെ എല്ലാ അർത്ഥത്തിലും സേവിക്കുക എന്നത് നമ്മുടെ കടമയാണെന്ന കാര്യം നാം ഒരിക്കലും മറക്കാൻ പാടില്ല. ദൈവപ്രീതി കരസ്ഥമാക്കുന്നതിനായി നാം സ്വയം സമർപ്പിച്ചിട്ടുണ്ടെങ്കിൽ, കഴിവിന്റെ പരമാവധി ഈ കടമ നിർവ്വഹിക്കാൻ പരിശ്രമിക്കേണ്ടതാണ്. അങ്ങനെ ഈ സേവനത്തിന് പകരമായി അല്ലാഹു നമ്മിൽ സംപ്രീതനായിത്തീരുകയും മുഹമ്മദീ മസീഹിന്റെ അതിഥികളെ സേവിക്കുന്നതിന്റെ കടമ കഴിവതും ഉചിതമായ രീതിയിൽ നിർവ്വഹിക്കാൻ നമുക്ക് സാധിക്കുകയും ചെയ്യുന്നതാണ്.

നമ്മുടെ അതിഥിസൽക്കാര വിഭാഗത്തിലെ സന്നദ്ധപ്രവർത്തകരാലും നമ്മുടെ ജൽസയുടെ സംവിധാനത്താലും പുറത്തുനിന്നെത്തുന്ന അനഹ്മദികളും അമുസ്‌ലിംകളുമായ അതിഥികൾ അത്യധികം പ്രഭാവിതരാകാറുണ്ട്. ട്രാഫിക് നിയന്ത്രണവിഭാഗം, ഭക്ഷണ വിതരണ സംവിധാനം, ശുചീകരണ പ്രവർത്തനം, പാചകവിഭാഗം, കുടിവെള്ള വിതരണം തുടങ്ങി അസംഖ്യം ഡിപ്പാർട്ട്മെന്റുകൾ അടങ്ങുന്ന സന്നദ്ധപ്രവർത്തകരുടെ വമ്പിച്ചൊരു സംവിധാനമാണ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെ തടസ്സമില്ലാതെ പ്രവർത്തിക്കുന്നത് എന്ന് കണ്ട് അവർ അത്ഭുതപ്പെടുന്നു. അന്യർ ഇത് കാണുമ്പോൾ അത്യധികം ആകൃഷ്ടരാകുന്നു. യഥാർത്ഥത്തിൽ ഇതും തബ്‌ലീഗിനുള്ള മഹത്തായ മാധ്യമമാണ്.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) അതിഥികളെ വളരെ സേവിക്കുകയും അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. അവിടുന്ന് അതിഥികളുടെകാര്യത്തിൽഅത്യധികംശ്രദ്ധാലുവായിരുന്നു എന്ന് ഒരു റിവായത്തിൽ വന്നിട്ടുണ്ട്. ഹദ്റത്ത് ഹാഫിസ് ഹാമിദ് അലി സാഹിബ് (റ)നെ ആയിരുന്നു ലങ്കറിലെ അതിഥികളുടെ കാര്യങ്ങൾ ശ്രദ്ധിക്കാനായി ചുമതലപ്പെടുത്തിയിരുന്നത്. അവിടുന്ന് അദ്ദേഹത്തെ ഇപ്രകാരം ഉപദേശിക്കുമായിരുന്നു: ഈ അതിഥികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തുക. സാധാരണ ദിവസങ്ങളിൽ അതിഥികളുടെ പദവിയും സ്ഥാനവും കണക്കിലെടുത്ത് അവർക്ക് സൗകര്യങ്ങൾ ചെയ്യുക.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ)ന്റെ ആതിഥ്യമര്യാദയെക്കുറിച്ച് അനേകം സംഭവങ്ങൾ ലഭ്യമാണ്; അവിടുത്തെ സ്നേഹം, ഉത്തരവാദിത്വബോധം, അതിഥികളോടുള്ള ഉദാത്തമായ പെരുമാറ്റം എന്നിവയുടെ ഏറ്റവും മികച്ച മാതൃകയാണവ. ഹദ്റത്ത് ഡോക്ടർ ഹഷ്മത്തുള്ള സാഹിബ് (റ) വിവരിക്കുന്നു: ജൽസ വേളയിൽ ജമാഅത്തിന്റെ ഔദ്യോഗിക മീറ്റിംഗിൽ പങ്കെടുത്തതു കാരണം അദ്ദേഹത്തിന് ഭക്ഷണം കഴിക്കാൻ സാധിച്ചില്ല. മീറ്റിംഗ് കഴിഞ്ഞ് രാത്രി വൈകി അദ്ദേഹം ലങ്കർഖാനയിൽ എത്തിയപ്പോഴേക്കും ഭക്ഷണം തീർന്നുപോയിരുന്നു. ഒരു കഷ്ണം അപ്പം മാത്രമാണ് ലഭിച്ചത്; അദ്ദേഹമത് കഴിക്കാൻ തുടങ്ങി.

അതിനിടയിൽ ലങ്കർഖാനയുടെ വാതിലിൽ ആരോ മുട്ടുകയും വിളിച്ചു പറയുകയും ചെയ്തു: ഏതെങ്കിലും അതിഥി ഭക്ഷണം കഴിക്കാതെ വിശന്നിരിപ്പുണ്ടെങ്കിൽ ലങ്കർഖാനയിൽ വന്ന് ഭക്ഷണം കഴിച്ചുകൊള്ളുക! പിറ്റേദിവസം ഹദ്റത്ത് മസീഹ് മൗഊദ് (അ)അരുളി: ഇന്നലെ രാത്രി ഇപ്രകാരം അല്ലാഹുവിൽനിന്ന് ഇൽഹാം ഉണ്ടായി:

يَا أَيُّهَا النَّبِيُّ أَطْعِمُوا الْجَائِعَ وَالْمُعْتَرَّ

(അതായത്: പ്രവാചകരേ! വിശക്കുന്നവനും ആവശ്യക്കാരനുമായ വ്യക്തിക്ക് ഭക്ഷണം നൽകുക!)

ഈ സംഭവത്തിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്, അല്ലാഹു തന്റെ അതിഥികളുടെ പ്രയാസങ്ങളെപ്പോലും കണ്ടറിയുന്നു എന്ന താണ്. അതുകൊണ്ടുതന്നെ, യാത്ര കാരണം വൈകിഎത്തിച്ചേരുന്നവരോ,ഏതെങ്കിലുംഅടിയ ന്തിര പ്രയാസങ്ങൾ കാരണം സമയത്ത് ഭക്ഷണം കഴിക്കാൻ സാധിക്കാത്തവരോ ആയ അതിഥി കൾക്കായി എപ്പോഴും ഉചിതവും പുതിയതുമായ ഭക്ഷണ സംവിധാനം ഉണ്ടായിരിക്കാൻ ജൽസ സംഘാടകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ഇപ്രകാരം അരുളുകയുണ്ടായി: എന്റെ അനുയായികൾ ദരി ദ്രരോ ധനികരോ ആകട്ടെ, എല്ലാവരും എന്റെ അടുക്കൽ സമന്മാരാണ്. അതിനാൽ,
ഇറച്ചിയോ ബിരിയാണിയോ പാകം ചെയ്യുക യാണെങ്കിൽ അത് എല്ലാവർക്കും വേണ്ടിയുള്ളതാ യിരിക്കണം; ഇനി പരിപ്പുകറിയാണ് വെയ്ക്കുന്ന തെങ്കിലും അതും എല്ലാവർക്കും സമമായി നൽക പ്പെടണം.

ഈ അധ്യാപനത്തിലൂടെ സമത്വത്തിന്റെയും നീതിയുടെയും, സാഹോദര്യത്തിന്റെയും ഉന്നത മായ മാനദണ്ഡമാണ് സ്ഥാപിക്കപ്പെടുന്നത്.

ഹുസൂർ അൻവർ അരുളി: ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രീതികളായിരുന്നു, അവി ടുത്തെ ശൈലികളായിരുന്നു, അവിടുന്ന് ഉപ ദേശിച്ചിരുന്ന മനോഹരമായ മാർഗ്ഗങ്ങളായി രുന്നു, അവിടുത്തെ ആതിഥ്യമര്യാദയുടെ ശീലങ്ങ ളുമായിരുന്നു.

എന്തായാലും, അതിഥികളും ഒരു കാര്യം പ്ര ത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്; ലങ്കറിലെ സംവിധാ നത്തിന് കീഴിൽ പാകം ചെയ്യപ്പെടുന്ന ഭക്ഷണം എന്താണോ ലഭിക്കുന്നത്, അത് ക്ഷമയോടും നന്ദിയോടും കൂടെ കഴിക്കേണ്ടതാണ്. നിങ്ങൾ ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ക്ഷണം സ്വീകരിച്ച് എത്തിച്ചേർന്നിരിക്കുന്നത് ആത്മീയ വിരുന്ന് കരസ്ഥമാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണല്ലോ. അതുകൊണ്ട് ആത്മീയ വിരുന്നിലേക്ക് കൂടുതൽ ശ്രദ്ധ തിരിക്കുക. ഭക്ഷണത്തിൽ എന്തെങ്കിലും ഏറ്റക്കുറച്ചലുകൾ സംഭവിച്ചാൽ തന്നെയും അത് സഹിച്ച് യാതൊരുവിധ ആവശ്യങ്ങളും മുന്നോട്ടുവെക്കാതിരിക്കുകയാണ് വേണ്ടത്. അതിനാൽ, ഈ മൂന്ന് ദിവസങ്ങളിൽ എന്താണോ ലഭിക്കുന്നത് അത് ക്ഷമയോടും നന്ദിയോടും കൂടെ കഴിക്കാനും, 'ഈ ഭക്ഷണം ഞങ്ങൾക്ക് ഇഷ്ടപ്പെട്ടില്ല, ഞങ്ങൾ ഇത് കഴിക്കില്ല' എന്ന തരത്തിലുള്ള യാതൊരുവിധ അസംതൃപ്തിയും പ്രകടിപ്പിക്കാതിരിക്കാനും അതിഥികളും പ്രത്യേ കം ശ്രദ്ധിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അതിഥി കൾക്ക് വിളമ്പുന്ന ഭക്ഷണത്തിന്റെ ഗുണനില വാരത്തെ സംബന്ധിച്ച് ജാഗ്രത പുലർത്തു ന്നതുമായി ബന്ധപ്പെട്ട ഒരു റിവായത്ത് സമർപ്പിച്ച ശേഷം ഹുസൂർ അൻവർ ഇപ്രകാരം നിർദ്ദേശിക്കുകയുണ്ടായി: ഭക്ഷണം പാകം ചെയ്യുന്ന ഡ്യൂട്ടിയിലുള്ള സന്നദ്ധപ്രവർത്തകരും ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ വിശേഷിച്ചും കഠിനമായ വേനൽക്കാലമായതിനാൽ ഭക്ഷണം കൃത്യമായ രീതിയിൽ കേടുകൂടാതെ സൂക്ഷിക്കാൻ തക്കവി ധമുള്ള ക്രമീകരണങ്ങൾ ഉണ്ടായിരിക്കണം. ഭക്ഷണംകൂടുതൽ സമയം ഒരു ഭാഗത്ത് കൊണ്ട് വയ്ക്കരുത്; പ്രത്യേകിച്ച്, പരിപ്പുകറി പോലുള്ളവ. സാധനങ്ങൾ പെട്ടെന്ന് കേടാകാൻ സാധ്യത യുള്ളതിനാൽ അത് വച്ചുതാമസിപ്പിച്ച് അതിഥി കൾക്ക് നൽകരുത്. സംഘാടകർ ഇത് പ്രത്യേകം ശ്രദ്ധിക്കുകയും അതിഥികൾക്ക് നൽകുന്നതിന് മുൻപ് ഭക്ഷണം നന്നായി പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

ഏത് പാവന ലക്ഷ്യത്തിനായാണോ ഇവിടെ നിങ്ങൾ എത്തിച്ചേർന്നിട്ടുള്ളത്, ആ ലക്ഷ്യം പൂർത്തിയാക്കണം എന്ന കാര്യം എപ്പോഴും ഓർമ്മയിൽ വെക്കുക; അങ്ങനെയല്ലെങ്കിൽ ഇവിടെ വന്നതുകൊണ്ട് യാതൊരു പ്രയോജന വും ഉണ്ടായിരിക്കുകയില്ല.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളി: ഇവിടെ നമസ്കാരത്തിന് കൃത്യമായ സംവിധാ നങ്ങൾ ഉണ്ട്. കൂടുതൽ ദിവസം ഇവിടെ തങ്ങുന്നവരും, ജമാഅത്തിന്റെ താമസസൗ കര്യങ്ങളിൽ കഴിയുന്നവരും ജൽസയ്ക്ക് ശേഷ വും നമസ്കാരങ്ങളുടെ കാര്യത്തിൽ കൃത്യ മായ ശ്രദ്ധ പുലർത്തുകയും ജമാഅത്തോടു കൂടി നമസ്കരിക്കാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്.

ഈ ദിവസങ്ങളിൽ ടെന്റുകളിലും മാർക്കികളിലും താമസിക്കുന്ന എല്ലാവരും ശ്രദ്ധിക്കുക: ഈ മൂന്ന് ദിവസങ്ങളിൽ ഇവിടെ തഹജ്ജുദ് നമസ് കാരവും നടക്കുന്നുണ്ട്. തഹജ്ജുദിന്റെ സമയത്ത്

ഉണർത്തുമ്പോൾ എല്ലാവരും എഴുന്നേൽക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നമസ്കാരത്തിൽ കൃത്യത പാലിക്കുന്നതു പോലെ തന്നെ തഹജ്ജുദ് നമസ്കാരം ശീലിക്കാനും പ്രത്യേകം പരിശ്രമിക്കേണ്ടതാണ്.

തുടർന്ന്, വരണ്ട കാലാവസ്ഥ കണക്കിലെടുത്ത്, സ്വകാര്യമോ സംഘടിതമോ ആയ താമസ സ്ഥലങ്ങളിൽ യാതൊരു കാരണവശാലും തീ കത്തിക്കരുതെന്ന് ഉൽബോധിപ്പിച്ചുകൊണ്ട് ഹുസൂർ അൻവർ അരുളി: എവിടെ ഇരിക്കുമ്പോഴും യാതൊരുവിധ തീയോ തീപ്പൊരിയോ ഉണ്ടാകുന്നതിൽ നിന്നും പൂർണ്ണമായും വിട്ടുനിൽക്കുക. ഇതിന്റെ ഫലമായി എന്തെങ്കിലും അപകടങ്ങൾ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കേണ്ടതാണ്.

ശുചിത്വത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിച്ചുകൊണ്ട് ഹുസൂർ അൻവർ അരുളി: സംഘാടകർ കുളിമുറികളും ശൗച്യാലയങ്ങളും മറ്റു സ്ഥലങ്ങളും വൃത്തിയാക്കാനുള്ള സംവിധാനങ്ങൾ ചെയ്യുന്നുണ്ടെങ്കിലും, ഉപയോഗത്തിന് ശേഷം വൃത്തിയായി സൂക്ഷിക്കേണ്ടത് ഓരോ അതിഥിയുടെയും ഓരോ സന്നദ്ധപ്രവർത്തകന്റെയും ഉത്തരവാദിത്വമാണ്. നബിവചന പ്രകാരം ശുചിത്വം ഈമാനിന്റെ (വിശ്വാസത്തിന്റെ) ഭാഗമാണ്. നാം ജൽസയിൽ എത്തിച്ചേർന്നിരിക്കുന്നത് നമ്മുടെ ഈമാൻ വർദ്ധിപ്പിക്കാനായതിനാൽ, ശുചിത്വപാലനത്തെയും ഒരു ആരാധനയായി കണ്ട് അതിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഈ ദിവസങ്ങളിൽ ഓരോ വ്യക്തിയും സ്വയം ഒരു സന്നദ്ധപ്രവർത്തകനായി കരുതുകയും, എവിടെയൊക്കെ ആവശ്യകത അനുഭവപ്പെടുന്നുവോ അവിടെയൊക്കെ സഹകരിക്കുകയും ചെയ്യേണ്ടതാണ്.

ഇതോടൊപ്പം, ഈമാന്റെ നിലവാരം ഉയർത്തുന്നതിലേക്ക് ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) പ്രത്യേക ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. ഒഴിവുസമയങ്ങളിൽ ദൈവസ്മരണയിലും സ്വലാത്തിലും, ഇസ്തിഗ്ഫാറിലും, പ്രാർത്ഥനകളിലും വ്യാപൃതരാവുക! അനാവശ്യ സംസാരങ്ങൾ, വ്യർഥമായ വിനോദങ്ങൾ, പ്രയോജനമില്ലാത്ത കാര്യങ്ങൾ എന്നിവയിൽ നിന്ന് തികച്ചും വിട്ടുനിൽക്കുകയും, നിങ്ങളുടെ സദസ്സുകളിൽ മതപരമായ ചർച്ചകളും അല്ലാഹുവിന്റെ ദിക്റും ഉൾപ്പെടുത്തുകയും ചെയ്യുക!

അതുപോലെതന്നെ, ജൽസയിൽ ഒരുക്കിയിട്ടുള്ള വിവിധ പ്രദർശനങ്ങൾ കൃത്യമായി സന്ദർശിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക. അവയെ കേവലം കാണാനുള്ള ഒന്നായി കരുതരുത്; മറിച്ച് താല്പര്യത്തോടും ശ്രദ്ധയോടും കൂടെ കാണുക. കാരണം, അവയിലൂടെ വിജ്ഞാനപ്രദവും ചരിത്രപരവും മതപരവുമായ അറിവുകൾ ലഭിക്കുകയും, മനുഷ്യന്റെ ഈമാനും വിജ്ഞാനവും വർദ്ധിക്കുകയും ചെയ്യുന്നു.

അവസാനം ഹുസൂർ അൻവർ ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി: അല്ലാഹു ജൽസസാലാനയിൽ പങ്കെടുക്കുന്ന എല്ലാവരെയും ഇതിന്റെ മതപരവും ആത്മീയവും വൈജ്ഞാനികവുമായ സകല ബർക്കത്തുകളിലും ഭാഗഭാക്കാക്കട്ടെ! ഈ അനുഗ്രഹങ്ങൾ അവരുടെ ജീവിതങ്ങളിൽ എപ്പോഴും നിലനിൽക്കുകയും, അവരുടെ വരുംതലമുറകളിലേക്ക് പകർന്നു നൽകപ്പെടുകയും ചെയ്യട്ടെ! ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ നിയോഗ ലക്ഷ്യം പൂർത്തീകരിക്കുന്നവരായി അല്ലാഹു അവരെ മാറ്റട്ടെ!

കൂടാതെ, ജൽസയുടെ ഉദ്ഘാടന പ്രസംഗവും മറ്റു മുഴുവൻ പ്രസംഗങ്ങളും തികഞ്ഞ ശ്രദ്ധയോടും ഗൗരവത്തോടും ആത്മാർത്ഥതയോടും കൂടെ ശ്രവിക്കാനും, അവയിൽ പരാമർശിക്കപ്പെടുന്ന ഉപദേശങ്ങൾ ജീവിതത്തിൽ പകർത്താൻ പരിശ്രമിക്കാനും ഹുസൂർ ഉൽബോധിപ്പിച്ചു. അല്ലാഹു തആലാ എല്ലാവർക്കും ഇതിന് തൗഫീഖ് നൽകി അനുഗ്രഹിക്കട്ടെ. ആമീൻ

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَالْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
HADEEQATUL MAHDI UK ON 24.07.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY HARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516